"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ്- ശ്രീമതി. ശശിപ്രഭ.എസ്, ജൂനിയർ സംസ്കൃതം അദ്ധ്യാപിക (റിട്ടയേർഡ്), എൻ.ഡി.എം യു.പി സ്കൂൾ, വയല, അടൂർ, പത്തനം തിട്ട- സമർപ്പിച്ച റിവിഷൻ പെറ്റീഷൻ -തീർപ്പാക്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്

സ.ഉ.(സാധാ) നം.4617/2022/GEDN തീയതി,തിരുവനന്തപുരം, 06-08-2022

പരാമർശം:- 1. ശ്രീമതി. ശശിപ്രഭ.എസ് സമർപ്പിച്ച റിവിഷൻ പെറ്റീഷൻ

2. 23/06/2022 ലെ പൊതുവിദ്യാഭ്യാസ ഓഫീസറുടെ DGE/7224/ 2022-RA4 നമ്പർ റിപ്പോർട്ട്

ഉത്തരവ്

പത്തനം തിട്ട ജില്ലയിലെ അടൂർ വയല, എൻ.ഡി.എം യു.പി സ്കൂളിലെ റിട്ടയേർഡ് ജൂനിയർ സംസ്കൃതം അദ്ധ്യാപിക ശ്രീമതി. ശശിപ്രഭ.എസ് പരാമർശം 1 പ്രകാരം റിവിഷൻ ഹർജി സർക്കാരിൽ സമർപ്പിച്ചിരുന്നു.

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 10/02/2021 തീയതിയിലെ RA4/75143/2020/DGE/D.Dis നമ്പർ ഉത്തരവിനും, അടൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 25/03/2022 തീയതിയിലെ സി/1834/2021 നമ്പർ കത്തിനും എതിരെയാണ് റിവിഷൻ പെറ്റീഷൻ സമർപ്പിച്ചിരുന്നത്.

3. സർക്കാർ ഈ വിഷയം നിലവിലുള്ള ചട്ടങ്ങളുടെയും, ഉത്തരവിന്റെയും, ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പരിശോധിച്ചു

4. അടൂർ ഉപജില്ലയിലെ പരിധിയിൽ ഉൾപ്പെടുന്ന മതിയായ എണ്ണം കുട്ടികളില്ലാത്ത വിഭാഗത്തിൽപ്പെടുന്നതും പുനലൂർ കാത്തലിക് ബിഷപ്പ് സ്കൂൾ കോർപ്പറേറ്റ് മാനേജ്മെന്റിന്റെ ഉടമസ്ഥതയിലുള്ളതുമായ സ്കൂളാണ് വയല എൻ.ഡി.എം.യു.പി സ്കൂൾ. ടി സ്കൂളിൽ 2019-20 വർഷത്തിൽ സമന്വയ മുഖേന തസ്തിക നിർണ്ണയം നടത്തപ്പെട്ടപ്പോൾ ടി സ്കൂളിൽ ഫുൾടൈം ആനുകൂല്യത്തോടെ ജോലിയിൽ തുടർന്നു വന്നിരുന്ന സംസ്കൃതം അദ്ധ്യാപിക

ശ്രീമതി .എസ്.ശശിപ്രഭയ്ക്ക് തസ്തിക നഷ്ടപ്പെടുകയുണ്ടായി. 2019-20 വർഷത്തിൽ ടി സ്കൂളിലെ ആകെ കുട്ടികളുടെ എണ്ണം 38 ആയിരുന്നു.

ക്ലാസ്സ്	കുട്ടികളുടെ എണ്ണം
V	16
VI	09
VII	13
ആകെ	38

ടി സ്കൂളിൽ സംസ്കൃതം പഠിയ്ക്കുന്ന കുട്ടികളുടെ എണ്ണം 29 എന്നാണ് സ്കൂൾ അധികൃതർ സമന്വയ വഴി നൽകിയ കണക്ക് (V-12, VI -05, VII-12 എന്ന ക്രമത്തിൽ).കെ.ഇ.ആർ അദ്ധ്യായം 23 ചട്ടം 6 പ്രകാരം യു.പി വിഭാഗത്തിൽ സംസ്കൃതം, അറബി, ഉറുദു ഭാഷാദ്ധ്യാപക തസ്തികകൾ തുടരുന്നതിന് 05 മുതൽ 07 വരെ ക്ലാസ്സുകളിൽ കുറഞ്ഞത് 30 കുട്ടികളോ അല്ലെങ്കിൽ (V -12, VI-06, VII-03) എന്ന ക്രമത്തിൽ 21 കുട്ടികളോ പഠിക്കുന്നതിനുണ്ടാവണം. മേൽപ്പറഞ്ഞ ക്രമത്തിൽ പരിഗണിക്കുമ്പോൾ ആറാം സ്റ്റാൻഡേർഡിൽ 06 കുട്ടികളില്ല, 05 കുട്ടികൾ മാത്രമേയുള്ളൂ. ഇക്കാരണത്താലാണ് 2019-20 വർഷത്തിൽ ടി സ്കൂളിലെ സംസ്കൃതം തസ്തിക നഷ്ടമായിട്ടുള്ളത്.

5. ഫുൾടൈം ആനുകൂല്യത്തിൽ ജോലി ചെയ്തിരുന്ന ശ്രീമതി.എസ്.ശശിപ്രഭയെ ഫുൾടൈം തസ്തികയിലുള്ള 06/06/1994 മുതൽ പാർട്ട്ടൈം തസ്തികയിലും തുടർന്ന് 06/06/1999 മുതൽ ഫുൾടൈം ആനുകൂല്യത്തിലും ജോലി നോക്കിവന്നിരുന്ന അധ്യാപികയെ ടി മാനേജ്മെന്റിലെ ഏതെങ്കിലും റഗുലർ ഫുൾടൈം ജൂനിയർ സംസ്കൃതം തസ്തികയിൽ മാറ്റി നിയമിക്കുവാനോ അല്ലാത്തപക്ഷം ടി തസ്തികയിൽ ടി മാനേജ് മെൻറിൽപ്പെട്ട മറ്റു സ്കൂളുകളിൽ ഒന്നും ഒഴിവ് ലഭ്യമല്ല എന്നുള്ള കോർപ്പറേറ്റ് മാനേജരുടെ ഡിക്ലറേഷൻ സമർപ്പിക്കുവാനോ ടി മാനേജ്മെൻറ് ബാധ്യസ്ഥരായിരുന്നു. എന്നാൽ പ്രസ്തുത ഡിക്ലറേഷൻ ബന്ധപ്പെട്ട മാനേജ്മെന്റിൽ നിന്നും ലഭിച്ചിട്ടില്ലാത്തതിനാൽ വകുപ്പ് തലത്തിൽ സംരക്ഷണ ആനുകൂല്യത്തിനുള്ള നടപടി സ്വീകരിക്കുവാനും സാധിച്ചിട്ടില്ല.

6. ടി ജീവനക്കാരിയുടെ 15/07/2019 മുതൽ 31/03/2020 വരെയുള്ള കാലയളവിലെ ഫുൾടൈം ജൂനിയർ സംസ്കൃതം തസ്തികയിലെ ലാവണം, നിയമാനുസരണം ക്രമീകരിച്ച്

ഡിപ്പാർട്ട്മെൻറിൽ നിന്നും അനുവാദം വാങ്ങി ശമ്പളം നൽകാൻ ആവശ്യമായ നടപടികൾ കോർപ്പറേറ്റ് മാനേജർക്ക് സ്വീകരിക്കേണ്ടിയിരുന്നു. മറ്റു സ്കൂളിലേക്ക്, മാറ്റി നിയമിക്കുന്നതിനും തസ്തിക നിർണ്ണയ ഉത്തരവിൽ കോർപ്പറേറ്റ് മാനേജർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ കോർപ്പറേറ്റ് മാനേജരുടെ ഭാഗത്തുനിന്നും ടി വിഷയത്തിൽ ഗുരുതരമായ വീഴ്ചയാണ് സംഭവിച്ചത്. യഥാസമയം പത്തനംതിട്ട വിദ്യാഭ്യാസ ഉപഡയറക്ടർക്ക് ലാവണ ക്രമീകരണം നടത്തുന്നതിനുള്ള അപ്പീൽ സമർപ്പിക്കുകയോ ബന്ധപ്പെട്ട അദ്ധ്യാപികയ്ക്ക് ലാവണക്രമീകരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തില്ല. കൂടാതെ തസ്തിക നഷ്ടമായതിനുശേഷവും ടി സ്കൂളിലെ പ്രഥമാദ്ധ്യാപകൻ ടി അദ്ധ്യാപികയ്ക്ക് - 15/07/2019 മുതൽ 31/10/2019 വരെ ശമ്പളം മാറി നൽകുകയും ചെയ്തു. 01/11/2019 മുതൽ 31/03/2020 വരെയുള്ള കാലയളവിൽ ടി അദ്ധ്യാപികയ്ക്ക് ശമ്പളം മാറി നൽകിയിട്ടില്ല. 31/03/2020-ൽ ശ്രീമതി.എസ്.ശശിപ്രഭ സേവനത്തിൽ നിന്നും വിരമിക്കുകയും ചെയ്തു.

7. ജി.ഒ.(എം.എസ്) 209/2016 തീയതി 26/12/2016 പ്രകാരമുള്ള ആനുകൂല്യം കോർപ്പറേറ്റ് മാനേജ്മെൻറിൽപ്പെട്ട സ്കൂളുകളെ ഒറ്റ യൂണിറ്റായി കണക്കാക്കി അനുവദിയ്ക്കേണ്ടതാണ്. ടി ആനുകൂല്യം അനുവദിക്കണമെങ്കിൽ യഥാസമയം ബന്ധപ്പെട്ട അധ്യാപകരുടെ സീനിയോറിറ്റി ക്രമത്തിൽ ലാവണം ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ച് ഡിപ്പാർട്ട്മെൻറ് തലത്തിൽ അംഗീകാരം വാങ്ങേണ്ടതായിരുന്നു. എന്നാൽ ടി നടപടിക്രമങ്ങൾ ഒന്നും തന്നെ മാനേജ്മെൻറ് തലത്തിൽ യഥാസമയം സ്വീകരിച്ചതായി കാണുന്നില്ല. മാത്രവുമല്ല, ടി വിഷയത്തിൽ മാനേജർ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ സമർപ്പിച്ച അപ്പീൽ ആർ.എ.(4)/75143/2020/ പൊ.വി./ഡി.ഡിസ് തീയതി 10.02.2021 പ്രകാരം നിരസിച്ചുത്തരവായിട്ടുള്ളതുമാണ്

മേൽ സാഹചര്യത്തിൽ പത്തനം തിട്ട ജില്ലയിലെ അടൂർ വയല, എൻ.ഡി.എം യു.പി സ്കൂളിലെ റിട്ടയേർഡ് ജൂനിയർ സംസ്കൃതം അദ്ധ്യാപിക ശ്രീമതി. ശശിപ്രഭ.എസ് പരാമർശം 1 പ്രകാരം സമർപ്പിച്ച റിവിഷൻ ഹർജി നിരസിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA.S.GEORGE
അണ്ടർ സെക്രട്ടറി

പകർപ്പ്:-

സ.ഉ.(സാധാ) നം.4617/2022/GEDN

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, അടൂർ

ശ്രീമതി. ശശിപ്രഭ.എസ്, ജൂനിയർ സംസ്കൃതം അദ്ധ്യാപിക (റിട്ടയേർഡ്) എൻ.ഡി.എം യു.പി സ്കൂൾ, വയല, അടൂർ

പ്രധാനാദ്ധ്യാപകൻ, എൻ.ഡി.എം യു.പി സ്കൂൾ, വയല, അടൂർ

കോർപ്പറേറ്റ് മാനേജർ, കാത്തലിക് സ്കൂൾസ്, ബിഷപ്സ് ഹൗസ്, പുനലൂർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by Mini.t.r.
Date: 06-08-2022 11:38:17
സെക്ഷൻ ഓഫീസർ